വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ഗവൺമെന്റ് ഇപ്പോൾത്തന്നെ അതിന്റെ നിയമനിർമ്മാണത്തിന് വേണ്ടി എല്ലാ നടപടികളുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇതിന്റെ ആവശ്യമില്ലെന്നാണ് ഞാൻ പറഞ്ഞത്. യഥാർത്ഥത്തിൽ ഗവൺമെന്റ് അത് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്. അതിന്റെ പ്രാധാന്യം അംഗീകരിക്കുകയാണ് ചെയ്തത്.

മി. സ്പീക്കർ: ശ്രീ. ബാബു പ്രസാദ്, ഈ ബില്ലിന്റെ ചർച്ച തുടരുന്നോ?

ശ്രീ. ബി. ബാബു പ്രസാദ്: ചർച്ച തുടരുന്നു.

(ചർച്ച തുടരും)

മി. സ്പീക്കർ: ശ്രീ. എം. മുരളി.....

(iv) 2010-ലെ കേരള സാമൂഹ്യ പ്രവർത്തക ക്ഷേമനിധി ബിൽ

ശ്രീ. എം. മുരളി: സർ, 2010-ലെ കേരള സാമൂഹ്യ പ്രവർത്തക ക്ഷേമ നിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): കേരളത്തിലെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്ക്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുടെ ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചത് എങ്കിലും ബില്ലിൽ പറയുന്ന കാര്യങ്ങൾ നമ്മുടെ സമൂഹത്തിൽ നടപ്പിലാക്കുക എന്നുള്ളത് തീർത്തും അപ്രായോഗികമായ ഒരു കാര്യമാണ്. അത് ബഹുമാനപ്പെട്ട മുരളിക്കും അറിയാം. സാമൂഹ്യ പ്രവർത്തകർ എന്നുള്ള നിലയിൽ ഏതെല്ലാം തരത്തിലുള്ള വിഭാഗത്തിൽപ്പെട്ടവരെയാണ് ഇതിന്റെ ഗണത്തിൽപ്പെടുത്തുക എന്നുള്ളതുപോലും അത്ര എളുപ്പത്തിൽ പറയാൻ സാധിക്കുകയില്ല. 65 വയസ് കഴിഞ്ഞ അവശത അനുഭവിക്കുന്നവർക്ക് പെൻഷനും ചികിത്സാ സഹായവും നൽകുന്നതിന് ക്ഷേമനിധി രൂപീകരിക്കണമെന്നുള്ളതാണ്. പക്ഷേ ഗവൺമെന്റ് ഇപ്പോൾ കേരളത്തിലെ 35 ലക്ഷത്തോളം വരുന്ന കുടുംബങ്ങളിൽപ്പെട്ടവർക്ക് കൊടുക്കുന്ന പെൻഷനിൽ വന്ദ്യ വയോധികരായിട്ടുള്ള 65 വയസ്സ് കഴിഞ്ഞിട്ടുള്ള മഹാഭൂരിപക്ഷത്തിനും പെൻഷൻ കിട്ടുന്ന രീതിയിലേയ്ക്ക് പദ്ധതികൾ, ക്ഷേമ പെൻഷനുകൾ വരികയാണ്. നിർദ്ധനരായിട്ടുള്ള വയോജനങ്ങൾക്ക് പെൻഷനും ഒപ്പം സൗജന്യ ചികിത്സയുമെല്ലാം ഉറപ്പുവരുത്തുന്ന ഒരു പദ്ധതി രൂപപ്പെട്ടു വരുന്ന ഈ കാലത്ത്, സർക്കാർ അതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ സാമൂഹ്യ പ്രവർത്തകർക്കായി പ്രത്യേക ഗണം തിരിച്ച് അവർക്കുവേണ്ടി ഒരു ക്ഷേമനിധി, പെൻഷൻ കൊടുക്കുക എന്നുള്ളതിന്റെ ആവശ്യമില്ല. അത് ഇങ്ങനെ ഒരു സമൂഹത്തിൽ നടപ്പിലാക്കുക എന്നുള്ളതുതന്നെ അപ്രായോഗികമാണെന്നുള്ളത് കൊണ്ട് ഈ ബില്ല് നിരാകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. മുരളി: സർ, ഇന്ത്യക്ക് മാതൃകയായി നിരവധി പെൻഷൻ പദ്ധതികളും ക്ഷേമ പദ്ധതികളും ആവിഷ്കരിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ചില സാമ്പത്തിക വിദഗ്ദ്ധൻമാർ പെൻഷൻ കൊടുക്കാനും

12.00 Noon]

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധിക്കുംവേണ്ടി കേരളത്തിന്റെ ഖജനാവ് ഒഴുക്കുന്നു എന്ന് വിമർശിക്കാറുണ്ട് എങ്കിലും സാമൂഹ്യ സുരക്ഷിതത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് തൊഴിൽ മേഖലയിൽ പണിയെടുത്തിട്ടുള്ളവർക്കാണെങ്കിലും മറ്റ് ഓരോ രംഗങ്ങളിലും സേവനം അർപ്പിച്ചവർക്കും ജീവിതത്തിന്റെ അവസാന കാലത്ത് സംരക്ഷണം കൊടുക്കാനുള്ള നിരവധി കർമ്മ പരിപാടികൾ, ലോകോത്തരങ്ങളായ കർമ്മ പരിപാടികൾ ആവിഷ്കരിച്ച ഒരു സംസ്ഥാനമാണ് കേരളം. രാഷ്ട്രീയ പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും സാമൂഹ്യ പ്രവർത്തകരും സാംസ്ക്കാരിക പ്രവർത്തകരും ഉൾപ്പെടെയുള്ളവർക്ക് ജീവിതത്തിന്റെ സായന്തനത്തിൽ പെൻഷനുകളോ മറ്റേതെങ്കിലും ഒരു ക്ഷേമനിധിയിലെ ആനുകൂല്യമോ അല്ലെങ്കിൽ മറ്റേതെങ്കിലും ഒരു നിയമപരമായ വരുമാന മാർഗ്ഗമോ ഇല്ലാതെ വരുന്ന അവസ്ഥയിൽ അവരുടെ ജീവിതത്തിന്റെ അന്ത്യവേളയിൽ ഒരു താങ്ങും തണലും കൊടുക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. രാഷ്ട്രീയ പ്രവർത്തകരുടെ കാര്യമെടുക്കാം. നിയമസഭാംഗങ്ങളോ പാർലമെന്റ് മെമ്പർമാരോ ആയിട്ടുള്ളവർക്ക് അവരുടെ സേവന കാലാവധി കഴിഞ്ഞാലും ജീവിതകാലം മുഴുവൻ പെൻഷൻ ഉറപ്പു വരുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അംഗങ്ങളായിട്ട് പ്രവർത്തിക്കാൻ ആവസരം ഉണ്ടായവർക്ക് പെൻഷൻ കൊടുക്കണം, കോൺട്രിബ്യൂട്ടറി പെൻഷനാണെങ്കിലും അവർക്ക് കൊടുക്കണം എന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയും അതിന് സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകൊണ്ട് ചില നടപടികൾക്കൊക്കെ തുടക്കം കുറിച്ചിട്ടുണ്ട്. ജനപ്രതിനിധികളാകാൻ ഭാഗ്യം സിദ്ധിച്ച രാഷ്ട്രീയ പ്രവർത്തകരുടെ കാര്യമാണ് ഞാൻ പറഞ്ഞത്. പ്രാദേശിക ഗവൺമെന്റുകളിലോ നിയമസഭയിലോ പാർലമെന്റുകളിലോ കടന്നു വരുവാൻ അവസരം കിട്ടിയിട്ടില്ലാത്ത രാഷ്ട്രീയ പ്രവർത്തകർ, സ്വാതന്ത്ര്യ സമര കാലഘട്ടത്തിലോ അതിനുശേഷം സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലോ ആവേശം ഉൾക്കൊണ്ടുകൊണ്ട് തത്പാധിഷ്ഠിതമായ രാഷ്ട്രീയ പ്രവർത്തന രംഗത്തേക്ക് കടന്നു വന്നവർ നാളെ പെൻഷൻ കിട്ടാൻ വേണ്ടി കടന്നു വന്നവരാണെന്ന് നമുക്കാർക്കും പറയാൻ കഴിയില്ല പക്ഷെ അവർ ജീവിതായത്തിൽ എത്തുമ്പോൾ, ആരും താങ്ങും തണലും ഇല്ലാതെ വരുമ്പോൾ അവരെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വത്തിൽനിന്ന് ഒഴിയരുത്. ഉദാഹരണത്തിന് രാഷ്ട്രീയ പ്രവർത്തകരെ അവരുടെ രാഷ്ട്രീയ പാർട്ടി സംരക്ഷിച്ചുകൊള്ളണമെന്ന് പറഞ്ഞുകൊണ്ട് കൈ കഴുകുവാൻ നമ്മുടെ ജനാധിപത്യ വ്യവസ്ഥയിൽ, നാളെകളിൽ നമ്മൾ തയ്യാറാകരുത് എന്ന് കണ്ടുകൊണ്ടാണ് ഗവൺമെന്റ് തന്നെ ആ ഉത്തരവാദിത്വം ഏറ്റെടുക്കണം എന്നുള്ള ആവശ്യവും ആഗ്രഹവും ആശയവും മുന്നോട്ട് വച്ചുകൊണ്ട് ഈ ബില്ലിന് രൂപകൽപന നൽകിയത്. ഇത് കേൾക്കുമ്പോൾ ആദ്യം ഇത് എങ്ങനെ പ്രായോഗികമാകുമെന്ന് ആരോഗ്യ വകുപ്പുമന്ത്രി ഗവൺമെന്റിനു വേണ്ടി ചോദിച്ചതുപോലെ ഒരു സന്ദേഹമുണ്ടാകും. ഇത് പ്രാവർത്തിക മാക്കണം. ഞാൻ ബില്ലിന്റെ ഉദ്ദേശ കാരണങ്ങളിൽ പറഞ്ഞിട്ടുള്ള വിവരണം തന്നെ ആവർത്തിക്കുകയാണ്. സാമൂഹ്യ-രാഷ്ട്രീയ-സാംസ്ക്കാരിക പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും നമ്മുടെ രാഷ്ട്രത്തിന്റെ പുരോഗതിയിൽ, രാഷ്ട്ര

LIBRARY ARCHIVES Kerala Legislative Assembly

പുനർനിർമ്മാണത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നവരാണ്. പകലന്തിയോളം പണിയെടുക്കുന്ന, നിശ്ചിത സമയം തന്റെ പ്രവർത്തനം എന്ന് നിശ്ചയിക്കാതെ ഇരുപത്തിനാല് മണിക്കൂറും ഊണിലും ഉറക്കത്തിലും സമൂഹത്തിന് വേണ്ടി പ്രവർത്തിക്കുന്ന എത്രയോ നിസ്വാർത്ഥമതികളായ സാമൂഹ്യ പ്രവർത്തകരുണ്ട്. അത്തരം ആളുകൾക്കുള്ള ജീവിത സംരക്ഷണമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇവിടെ ആരോഗ്യ ഇൻഷ്വറൻസിനെക്കുറിച്ച് പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ആ പദ്ധതിതന്നെ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് വിപുലപ്പെടുത്തി കൊണ്ടുവന്നിരിക്കുന്നതാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി. ബി.പി.എൽ. ഫാമിലികളേയും ഒരു പരിധിവരെ എ.പി.എൽ. ഫാമിലികളേയും അസംഘടിത തൊഴിലാളി വർഗ്ഗത്തേയും ലക്ഷ്യം വച്ച് കൊണ്ട് 35 ലക്ഷം കുടുംബങ്ങളെ കവർ ചെയ്യാൻ ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു എന്നുപറഞ്ഞു. 75 ലക്ഷം കുടുംബങ്ങളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 35 ലക്ഷം കുടുംബങ്ങളെ കവർ ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെങ്കിൽ ബാക്കി വരുന്ന നാൽപത് ലക്ഷം കുടുംബങ്ങളിൽപ്പെട്ടവരുടെ കാര്യത്തിന് എവിടെ പരിഹാരം ഉണ്ടാകും ? ഞാൻ അങ്ങയുടെ വാദഗതികളെ ഖണ്ഡിച്ചു കൊണ്ടുതന്നെ പറയുകയാണ്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഉൾപ്പെടെ കേരളത്തിൽ നടപ്പിലാക്കാൻ പോകുകയാണ്. ഒരു വർഷം കഴിഞ്ഞു അത് നടപ്പിലാക്കി തുടങ്ങിയിട്ട്. പതിനൊന്ന് ലക്ഷം പേർക്കാണ് ആ കവറേജ് കൊടുത്തതെങ്കിൽ നടപ്പു വർഷം ഉൾപ്പെടെ ഭാവിയിൽ 35 ലക്ഷം കുടുംബങ്ങളെ കവർ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. അപ്പോഴും ആരോഗ്യ പരിരക്ഷയുടെ കാര്യത്തിൽ നാൽപത് ലക്ഷം കുടുംബങ്ങൾ ആ സംരക്ഷണ വലയത്തിനു പുറത്താണ്. പ്രതിഫലം ഇച്ഛിക്കാത്തവരായിരിക്കണം പൊതുപ്രവർത്തകർ. ആ കാഴ്ചപ്പാട് പൂർണ്ണമായി അംഗീകരിക്കുകയാണ്. നമ്മുടെ സ്വാതന്ത്ര്യസമര സേനാനികൾ നാളെ സ്വാതന്ത്ര്യത്തിന്റെ പ്രഭാതം പുലർന്നു വീഴുമ്പോൾ മന്ത്രിമാരാകാം, ജനപ്രതിനിധികളാകാം, അങ്ങനെ സ്വാതന്ത്ര്യത്തിന്റെ സദ്ഫലങ്ങൾ അനുഭവിക്കാമെന്ന് കരുതിക്കൊണ്ട് സ്വാതന്ത്ര്യ സമരത്തിന്റെ എരിതീച്ചൂളയിലേക്ക് എടുത്തു ചാടിയവരല്ല. തത്വാധിഷ്ഠിതമായ ജീവിതത്തിന്റെ മഹത്തായ ആശയങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തന്റെ ജീവിതം പിറന്ന നാടിനുവേണ്ടി സമർപ്പിച്ചവരാണ് നമ്മുടെ സ്വാതന്ത്ര്യസമര സേനാനികളിൽ ബഹുഭൂരിപക്ഷവും. അതിനൊന്നും സംശയമില്ല.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, താങ്കൾ പറയുന്നത് ഏറ്റവും നല്ല കാര്യമാണ്. അതുകൊണ്ടായിരുന്നുവോ നമ്മുടെ രാജ്യം സ്വതന്ത്രമായപ്പോൾ നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയോട് പത്രക്കാർ ചോദിച്ചു, അങ്ങയുടെ സന്ദേശം എന്താണെന്ന്. അദ്ദേഹം പറഞ്ഞത് എനിക്ക് ഇപ്പോൾ സന്ദേശമൊന്നും നൽകാനില്ലെന്നാണ്. അതു കഴിഞ്ഞിട്ട് എന്റെ ജീവൻ തന്നെയാണ് സന്ദേശം എന്നു പറഞ്ഞു. അതിന്റെ കൂടെ അദ്ദേഹം പറഞ്ഞു, ദേശീയ സ്വാതന്ത്ര്യസമരത്തിൽ നേർക്കുനേർ പോരാടി കോൺഗ്രസ്സിന്റെ പങ്ക് നിർവ്വഹിച്ചു കഴിഞ്ഞു. ഇനിയും അത് നടത്തിക്കഴിഞ്ഞാൽ അധികാരത്തിലേക്കുള്ള ചവിട്ടു പടിയായി

LIBRARY ARCHIVES Kerala Legislative Assembly

അത് ഉപയോഗിക്കുമെന്ന് അദ്ദേഹം ദീർഘവീക്ഷണം നടത്തിക്കൊണ്ട് പിരിച്ചു വിടണമെന്ന് പറഞ്ഞത് ഇക്കൂട്ടത്തിൽ ഓർക്കുന്നത് നല്ലതല്ലേ ?

ശ്രീ. എം. മുരളി : സർ, അതിന് ഈ സന്ദർഭവുമായി ഒരു പ്രസക്തിയുമില്ല. മഹാത്മാവ് ചില അഭിപ്രായ പ്രകടനങ്ങൾ നടത്തിയിട്ടുണ്ടാകാം. സ്വാതന്ത്ര്യ സമര പ്രസ്ഥാനമായ കോൺഗ്രസ് സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ പുനഃസൃഷ്ടിക്കുവേണ്ടി പ്രതിജ്ഞാബദ്ധമായ പ്രവർത്തനം നടത്തിയിട്ടുള്ള പ്രസ്ഥാനമാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, പോയിന്റ് ഓഫ് ഓർഡർ. പൊതു പ്രവർത്തകരുടെ പെൻഷന്റെ വിഷയത്തെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഇത് പൊതു പ്രവർത്തകരുടെ ജനപ്രതിനിധി സഭയാണ്. പക്ഷെ ഈ സഭയിൽ ഇപ്പോൾ സഭ ചേരേണ്ടത്ര കാര്യം ഉണ്ടോ എന്ന് പരിശോധിക്കണം. ഓർഡറിലാണോ ചർച്ച ചെയ്യുന്നത് ?

ശ്രീ. എം. മുരളി : സർ, അത് ചെയർ തീരുമാനിക്കട്ടെ. ചെയറിന് എല്ലാം വേവ് ചെയ്യാം.

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ പറയാൻ പോകുന്ന കാര്യത്തിൽ ആവർത്തന വിരസത ഉണ്ടാകുമെന്ന് എനിക്കറിയാം. ഇത് അംഗങ്ങളുടെ സ്വകാര്യ ബിൽ അവതരിപ്പിക്കുന്നതിനുവേണ്ടിയുള്ളതാണ്. ഇതിലെ അംഗങ്ങൾക്കു തന്നെ ഇത് വേണ്ട. നമ്മൾ എപ്പോഴും കാണുന്നത് ഇതാണ്. ശ്രീമതി പി. കെ. ശ്രീമതി ടീച്ചറും ശ്രീ. എം. എ. ബേബി മിനിസ്റ്ററും ഇരിക്കുന്നത് അവരുടെ ബില്ലുകൾ ഉണ്ടായതുകൊണ്ടാണ്. ഇവിടെ കുറച്ച് ആളുകൾ ഇരിപ്പുണ്ട്. അങ്ങ്തന്നെ ഒരിക്കൽ പറഞ്ഞു ഗൗരവമായി ആലോചിക്കേണ്ട കാര്യമാണെന്ന്. ഞങ്ങൾക്ക് അനുവദിച്ചു തരുന്ന സമയം ഞങ്ങൾ തന്നെ അനുഭവിക്കാതിരിക്കുന്ന ഒരു സാഹചര്യത്തിൽ ഒരു സഭയുടെ ഇത്രയും മണിക്കൂറുകൾ എന്തിനാണ് വേസ്റ്റ് ചെയ്യുന്നത് ? കഴിഞ്ഞ തവണ അങ്ങു പറഞ്ഞു, ഗൗരവമായി അതിനെക്കുറിച്ച് ആലോചിക്കാമെന്ന്. ഇത് അംഗങ്ങളുടെ അവകാശ നിഷേധമല്ലേ ? എല്ലാ പാർട്ടിയിലുമുള്ള ആളുകളും ഉണ്ട്. ആരും ഈ ദിവസത്തെ കാര്യമായി എടുക്കുന്നില്ല. വെള്ളിയാഴ്ച എന്നുപറയുന്നത് ഒരു വേസ്റ്റ് ഡേ ആയി നിയമസഭാംഗങ്ങൾ കാണുന്നുവെന്ന് പുറമേയുള്ള പബ്ലിക്ക് കാണുന്നു.

മി. സ്പീക്കർ : ഇതുസംബന്ധിച്ച് റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ മാറ്റം വരുത്താൻ വേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയുടെ ചർച്ച നടന്നു. അതിനുശേഷം ഈ കമ്മിറ്റിയുടെ തീരുമാനം സഭയിൽ വച്ചു. ആ സന്ദർഭങ്ങളിലെല്ലാംതന്നെ പ്രൈവറ്റ് മെമ്പേഴ്സ് ഡേ മാറ്റേണ്ടതില്ല, ബില്ലും അതുപോലെതന്നെ പ്രമേയവും മാറ്റേണ്ടതില്ലെന്നാണ് തീരുമാനിച്ചത്. എല്ലാവരും കൂട്ടായെടുത്ത തീരുമാനമാണ്. എല്ലാവരും സഹകരിക്കുകയാണ് വേണ്ടത്. അതിൽ പങ്കെടുക്കേണ്ട ബാധ്യത അവർ നിറവേറ്റാത്തതിന്റെ കുറവാണ്. എല്ലാവരും പങ്കെടുക്കാൻ ശ്രമിക്കുകയാണ് വേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി : സർ, റൂൾസ് ഓഫ് പ്രൊസീഡ്യുവർ പരിഷ്കരിച്ച സന്ദർഭത്തിൽപ്പോലും ഇതിന് മാറ്റം വരുത്തിയിട്ടില്ല. ലോകത്തുള്ള എല്ലാ ജനാധിപത്യ രാജ്യങ്ങളുടേയും നിയമനിർമ്മാണ സഭകളിൽ ഇത്തരമൊരവസരമുണ്ട്. ഔദ്യോഗിക ബില്ലുകൾ അവതരിപ്പിക്കാൻ മന്ത്രിമാർക്ക് അവസരം ലഭിക്കുന്നതു പോലെ ഇത്തരം ആശയങ്ങൾ ജനങ്ങളുടെ മുമ്പിലും നിയമനിർമ്മാണ സഭയുടെ മുമ്പിലും സമർപ്പിക്കാൻ മെമ്പർമാർക്ക് കൊടുത്തിരിക്കുന്ന ഒരാശയ മാണിത്. ആ ആശയത്തിനും ആ അവസരത്തിനും സാക്ഷികളാകാൻ തിരക്കുള്ളതുകൊണ്ട് ഒരുപക്ഷേ കുറച്ചുപേർ വന്നില്ലെങ്കിൽപ്പോലും ഇതിനെ ഒരു വേസ്റ്റായി കാണാൻ പാടില്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. വേസ്റ്റ് മാനേജ്മെന്റിനെക്കുറിച്ച് ഇന്ന് എന്ത് കൂലങ്കഷമായ ചർച്ചയാണ് നടന്നത് ? അങ്ങുതന്നെ അത്ര ഗൗരവത്തോടെ കാണുന്നതുകൊണ്ടാണ് മറ്റൊരു ദിവസവും എടുക്കാത്ത താൽപ്പര്യത്തോടെ അങ്ങ് എല്ലാ വെള്ളിയാഴ്ചകളിലും ഇവിടെ ഇരിക്കുന്നത്. അങ്ങ് ചില ദിവസങ്ങളിലൊക്കെ ഇടയ്ക്ക് പുറത്തോട്ട് പോകും. അങ്ങ് എല്ലാ വെള്ളിയാഴ്ചകളിലും അതീവ താൽപ്പര്യമെടുത്ത് ഇവിടെ ഇരിക്കാറുണ്ട്. ഞാൻ ഇന്നലേയും, അങ്ങ് നാളെ ഉണ്ടാകുമല്ലോ എന്നുചോദിച്ചു. അപ്പോൾ അതിനെ ഒരു വേസ്റ്റായി കാണേണ്ട കാര്യമില്ല. ഇത്തരം ആശയങ്ങൾ, നാളെകളിൽ നിയമനിർമ്മാണത്തിന് വഴിയൊരുക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള അവസരമാണ്.

മി. സ്പീക്കർ : അങ്ങ് ചർച്ച അവസാനിപ്പിക്കുന്നുണ്ടോ ?

ശ്രീ. എം. മുരളി : സർ, ഒരു അഞ്ചുമിനിട്ടുകൂടി എടുത്തോട്ടെ. പത്തു മിനിട്ടേ ആയിട്ടുള്ളു. അതുകൊണ്ട്.....

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, ഞാൻ ഒരു ഭേദഗതി അങ്ങയുടെ ബില്ലിനുമുമ്പിൽ സമർപ്പിക്കുകയാണ്. അങ്ങേയ്ക്ക് അത് സ്വീകരിക്കുകയോ തള്ളുകയോ ചെയ്യാം. മറ്റൊന്നുമല്ല, സ്വതന്ത്ര ഭാരതം കണ്ട ഏറ്റവും വലിയൊരു സന്ദർഭമായിരുന്നു അടിയന്തിരാവസ്ഥയുടെ പതിനെട്ട് മാസം. ഈ അടിയന്തിരാ വസ്ഥയുടെ പതിനെട്ട് മാസം മർദ്ദനമേറ്റ് ജയിലിൽ കിടന്നിരുന്ന നിരവധി പേരുണ്ട്. ഈ ക്ഷേമനിധിയിൽ അവരെക്കൂടി കൊണ്ടുവരണമെന്നുള്ള ഭേദഗതി കൊണ്ടുവരികയാണ്. അത് അങ്ങേയ്ക്ക് അംഗീകരിക്കാൻ കഴിയുമോ ?

ശ്രീ. എം. മുരളി : നമുക്കിപ്പോൾ അടിയന്തിരാവസ്ഥയോ അത്തരം ഏതെങ്കിലും സമരമുഖങ്ങളോ അല്ല ചർച്ചാവിഷയം. രാഷ്ട്രീയ പ്രവർത്തകർ, സാമൂഹ്യ സംഘടനകളിൽ മുഴുവൻ സമയവും പ്രവർത്തിക്കുന്നവർ, സന്നദ്ധ പ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ ഇവർക്കെല്ലാം ജീവിത സംരക്ഷണം കൊടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇവിടെ സ്വാതന്ത്ര്യ സമര കാലഘട്ടം മുതൽ കേരളത്തിലേയും ഭാരതത്തിലേയും സാമൂഹ്യപ്രവർത്തകർ ആദർശധീരരും യഥാർത്ഥ ജനസേവകരുമാണ്. എന്നാൽ നിത്യജീവിതത്തിലും കുടുംബജീവിതത്തിലും മുന്നോട്ടുപോകുമ്പോൾ പലപ്പോഴും അവരുടെ കാലിടറിപ്പോകുന്നു. സാമൂഹ്യ പ്രവർത്തകർ തന്നെ കാർഷിക രംഗത്തോ വ്യാവസായിക രംഗത്തോ മറ്റ് തൊഴിൽ മേഖലയിലോ

പണിയെടുത്ത് സ്വന്തമായി വരുമാനം കണ്ടെത്തി ജീവിതമാർഗ്ഗം സ്വയം കണ്ടെത്തുന്ന സ്ഥിതിവിശേഷമുണ്ട്. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ പ്രതിഫലം പറ്റി ജോലിചെയ്യുന്നവരുമുണ്ട്. അവരെ ഞാൻ ഈ ക്ഷേമനിധിയുടെ പരിധിയിൽനിന്ന് ഒഴിവാക്കുകയാണ്. കാരണം, അവർക്കൊരു ജീവിത മാർഗ്ഗമുണ്ട്, വരുമാന മാർഗ്ഗമുണ്ട്. എന്നാൽ മറ്റൊരു ജീവിതമാർഗ്ഗവും കണ്ടെത്താൻ ശ്രമിക്കാതെ ഇരുപത്തിനാല് മണിക്കൂറും പൊതുപ്രവർത്തനത്തിനും ജനസേവനത്തിനുമായി മാറ്റിവച്ച ആയിരക്കണക്കിനാളുകൾ കേരള സമൂഹത്തിലുണ്ട്. അവർ ജീവിതത്തിന്റെ എല്ലാ അർത്ഥത്തിലുമുള്ള യാതന അനുഭവിക്കുന്നവരാണ്. അവരെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങളെ സംരക്ഷിക്കാൻപോലും അവരുടെ പ്രവർത്തന കാലഘട്ടത്തിൽ അവർക്ക് കഴിയാതെ പോകുന്നു. അവർക്ക് രോഗങ്ങളോ അപകടങ്ങളോ ഉണ്ടായാൽ, അവർ വാർദ്ധക്യത്തിലെത്തിയാൽ എല്ലാ അർത്ഥത്തിലും അവർ അനാഥരായാണ് മരിക്കുന്നത്. എത്രയോ പേരുടെ ജീവിത കഥയുണ്ട്? മഹാനായ ആർ. സുഗതൻ ഉൾപ്പെടെയുള്ള എത്രയോ മഹാത്മാക്കളുടെ ജീവിതകഥ നമുക്കറിയാം. ആർ. സുഗതന് അവസാനം പാർട്ടി ഓഫീസ് അഭയം കൊടുത്തുവെങ്കിലും ഇന്ന് എത്രയോ പേർ ആരുടേയും സംരക്ഷണം കിട്ടാതെ തിരസ്കരിക്കപ്പെട്ടവരായി ജീവിതത്തിന്റെ അന്ത്യം കഴിച്ചുകൂട്ടേണ്ടി വരുന്നു. ഒരു പരിഷ്കൃത സമൂഹത്തിൽ വിലപ്പെട്ട സേവനങ്ങളനുഷ്ഠിക്കുന്ന ഇത്തരം സമൂഹ്യപ്രവർത്തകരെ, പൊതുപ്രവർത്തകരെ അംഗീകരിക്കാനും സംരക്ഷിക്കാനുമുള്ള ഉദാത്തമായ ഒരു ബാധ്യതയുണ്ട്. അത് നിർവ്വഹിക്കാൻ കേരള സമൂഹം തയ്യാറാകണം. അതിനാണ് സംസ്ഥാന നിയമസഭയിൽ ഒരു നിയമം കൊണ്ടുവരണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. അത് നിർവഹിക്കാൻ കഴിഞ്ഞാൽ ഇൻഡ്യയ്ക്ക് അത് മാതൃകയാകും, ലോകത്തിന് മാതൃകയാകും, സാമൂഹ്യ പ്രവർത്തകർക്ക് വലിയൊരു ജീവിത സംരക്ഷണമാകും. ഞാൻ ഇതിന്റെ പ്രൊപ്പഗന്റയുമായി മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്ന ഒരാളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ഇവിടെ ഇല്ല. ഗവൺമെന്റിനുവേണ്ടി മുഖ്യമായും മറുപടി പറയാൻ ഉത്തരവാദിത്തമുള്ള മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഇതു കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ചർച്ച തുടരും)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതാരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച

(i) 2006-ലെ കേരള നെൽകൃഷി വികസന അതോറിറ്റി ബിൽ

(തുടർ ചർച്ച)

(നോട്ടീസ് നൽകിയ ശ്രീ. എം. ഹംസ സഭയിൽ ഇല്ലാത്തതിനാൽ ബിൽ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ : ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി.....

LIBRARY ARCHIVES Kerala Legislative Assembly